# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 273

13-03-2017 ൽ മറുപടിയ്ക്ക്

## മാരിടൈം ബോർഡ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ.അബ്ദു റബ്ബ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. എം.ഉമ്മർ | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു |
| ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി | : | സംരക്ഷണവും വകുപ്പ് മന്ത്രി) |
| ശ്രീ. മഞ്ഞളാംകുഴി അലി | : | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരിക്കുന്നതിലുള്ള കാലതാമസം വിശദമാക്കാമോ ; | (എ) | തുറമുഖ വകുപ്പ്, കേരള മാരിടൈം സൊസൈറ്റി, കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് കേരള സ്റ്റേറ്റ് മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള കേരള മാരിടൈം ബോർഡ് ബിൽ - 2014, 17/12/2014-ൽ കേരള നിയമസഭ പാസ്സാക്കി ബഹു.രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചെങ്കിലും പ്രസ്തുത ബില്ലിലെ ചില ന്യൂനതകൾ ചൂണ്ടിക്കാട്ടി. ടി ന്യൂനതകൾ ഒഴിവാക്കി പുതിയ ബിൽ പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ടു. എന്നാൽ ബില്ല് ഔദ്യാഗികമായി സംസ്ഥാനത്തിന് മടക്കി നൽകിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് പുതിയ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനായി മേൽപ്പറഞ്ഞ ബിൽ ഉടൻതന്നെ തിരികെ ലഭ്യമാക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | മാരിടൈം ബോർഡുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര വകുപ്പ് എന്തെല്ലാം സംശയങ്ങളാണ് ഉന്നയിച്ചിരിക്കുന്നത് ; വിശദമാക്കാമോ; | (ബി) | മാരിടൈം ബോർഡ് ബില്ലിലെ 57- ഉം 58-ഉം ഖണ്ഡങ്ങൾ 1881 ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിനും 26, 27, 29, 31, 32, 33, 37, 49, 50 എന്നീ ഖണ്ഡങ്ങൾ 1962 ലെ കസ്റ്റംസ് ആക്ടിന്റേയും അതിൻ കീഴിൽ ഉണ്ടാക്കിയ 2009 ലെ കസ്റ്റംസ് ഏര്യാ റെഗുലേഷൻസിലേയും വിവിധ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. |
| (സി) | മറ്റ് സംസ്ഥാനങ്ങളുടെ മാതൃകയിൽ കേരള മാരിടൈം ബോർഡ് രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | കേന്ദ്ര ആഭ്യന്തരമന്ത്രാലയം ബിൽ മടക്കി ലഭ്യമാക്കുന്ന മുറയ്ക്ക് ന്യൂനതകൾ പരിഹരിച്ച് പുതിയ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മറ്റ് നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | മറ്റ് നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ